**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്- കെ-ടെറ്റ് പരീക്ഷ -- അപേക്ഷകർക്കുള്ള യോഗ്യതകൾ പരിഷ്കരിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്**

**സ.ഉ (കൈ) നം.172/2018/പൊവിവ** **തിരുവനന്തപുരം, തീയതി 04/12/2018**

പരാമർശം:- 1). സ.ഉ (അച്ചടി) നമ്പർ. 70/2012/പൊവിവ തീയതി 01/03/2012.

2). സ.ഉ (കൈ) നം. 205/2012/പൊവിവ തീയതി 25-06-2012.

3). പരീക്ഷ ഭവൻ സെക്രട്ടറിയുടെ 12-07-2008 ലെ സി.ജനറൽ (2)/15000/2018 നമ്പർ കത്ത്.

## ഉത്തരവ്

കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റിന്റെ (കെ-ടെറ്റ്) നടത്തിപ്പുമായി ബന്ധപ്പെട്ട് പരാമർശം (1), (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ എസ്.സി.ഇ.ആർ.ടി രൂപം നൽകിയ മാനദണ്ഡങ്ങൾക്കനുസരിച്ച കേരളത്തിൽ ഈ പരീക്ഷ നടത്തുന്നത് പരീക്ഷാഭവനാണ്.

കെ-ടെറ്റ് പരീക്ഷയുടെ വിവിധ കാറ്റഗറികളിൽ അപേക്ഷിക്കുന്നതിനുള്ള യോഗ്യതകൾ സംബന്ധിച്ച ധാരാളം പരാതികൾ ലഭിക്കുന്നുണ്ടെന്നും ആയതിൽ കാലോചിതമായ പരിഷ്കരണം വരുത്തുന്നത് അനിവാര്യമാണെന്നും പരീക്ഷാഭവൻ സെക്രട്ടറി പരാമർശം (3) പ്രകാരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിലുള്ള യോഗ്യതകൾക്ക് പുറമേ ചുവടെ കാണുന്ന യോഗ്യത നേടിയ ഉദ്യോഗാർത്ഥികൾക്കും കെ-ടെറ്റ് പരീക്ഷയുടെ വിവിധ കാറ്റഗറികളിൽ അപേക്ഷിക്കാവുന്നതാണെന്ന് ഉത്തരവാകുന്നു:-

1. കേരളത്തിൽ കെ-ടെറ്റ് പരീക്ഷ നടപ്പിലാക്കുന്നതിന് മുമ്പ് എസ്.എസ്.എൽ.സി, റ്റി.റ്റി.സി യോഗ്യത നേടുകയും പിന്നീട് സർവ്വീസിൽ പ്രവേശിക്കുകയും ചെയ്തവർക്ക് കാറ്റഗറി I പരീക്ഷയ്ക്ക് അപേക്ഷിക്കാവുന്നതാണ്.
2. എൻ.സി.റ്റി.ഇ മാനദണ്ഡപ്രകാരം ബി.ടെക് ബിരുദം പ്രൈമറി സ്കൂൾ അദ്ധ്യാപക യോഗ്യതയ്ക്ക് പരിഗണിക്കാത്തതിനാൽ +2 യോഗ്യത പരിഗണിച്ച കാറ്റഗറി I അല്ലെങ്കിൽ കാറ്റഗറി II പരീക്ഷ എഴുതാവുന്നതാണ്.
3. കെ-ടെറ്റ് III പരീക്ഷയ്ക്ക് അപേക്ഷിക്കുന്നതിന് ഡിഗ്രിയ്ക്ക് 45% മാർക്ക് എന്നത് തുടരും. എന്നാൽ ബിരുദാനന്തര ബിരുദത്തിന് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ ബി.എഡ്-ന് അഡ്മിഷൻ നേടുകയും വിജയിക്കുകയും ചെയ്തവർക്ക് കെ-ടെറ്റ് പരീക്ഷ വിജയിക്കുമ്പോൾ കെ-ടെറ്റ് സർട്ടിഫിക്കറ്റ് നൽകാവുന്നതാണ്.
4. ബി.എഡ്/ഡി.എഡ് എന്നീ കോഴ്സുകൾ പഠിച്ചു കൊണ്ടിരിക്കുന്ന രണ്ടാം വർഷ വിദ്യാർത്ഥികൾക്ക് ബന്ധപ്പെട്ട കാറ്റഗറിയിൽ കെ-ടെറ്റ് പരീക്ഷ എഴുതാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എച്ച്. നജീബ്**

ജോയിന്റ് സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, പരീക്ഷാ ഭവൻ, തിരുവനന്തപുരം.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം

(ആമുഖ കത്ത് സഹിതം)

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും(പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി, തിരുവനന്തപുരം
ഡയറക്ടർ, ഐ.റ്റി @ സ്കൂൾ, തിരുവനന്തപുരം,

(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള തിരുവനന്തപുരം.
ഡയറക്ടർ, വെബ് & ന്യൂമീഡിയ (പ്രസ് റിലീസ്), വിവര പൊതുജന സമ്പർക്ക വകുപ്പ്.
പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും, ഓഫീസർമാർക്കും.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

പകർപ്പ്:- ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്.
ബഹു. സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ യ്ക്ക്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ